പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 70　　20.3.2013 ന് മറുപടിക്ക്

# ഗാർഹിക തൊഴിലാളികളുടെ ജീവിത നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എം.ഷാജി | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള ഗാർഹിക തൊഴിലാളികളെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) ഇല്ല . |
| ബി) ഗാർഹിക തൊഴിലാളികളുടെ ജീവിത നിലവാരം, വേതനം,വിശ്രമം എന്നിവയെ സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; | ബി) ഇല്ല. |
| സി) അതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ എന്തെല്ലാമാണ് ; അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) ചോദ്യം (ബി)യെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ലെങ്കിലും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനായി ഇവർക്ക് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . അതോടൊപ്പം മെഡിസിൻ, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവയിൽ പഠിക്കുന്ന ഇവരുടെ കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം ചെയ്യുന്നു. അതുപോലെ ടി കോഴ്സുകളിൽ ചേരുന്ന ഏറ്റവും പ്രഗത്ഭരായ (മെഡിസിനിൽ 11 പേർക്കും എഞ്ചിനീയറിംഗിൽ 20 പേർക്കും) ഫീസ് ആനുകൂല്യം നൽകുന്നു.60 വയസ്സു |

കഴിഞ്ഞ ഗാർഹിക തൊഴിലാളികൾക്ക് 400 രൂപാ വീതം പെൻഷൻ അനുവദിക്കുന്നു. ഹാർട്ട്, കാൻസർ, വൃക്ക സംബന്ധിച്ച രോഗികൾക്ക് 20000/- രൂപ വീതം ചികിൽസാ ധനസഹായം അനുവദിക്കുന്നു. അതോടൊപ്പം ഗാർഹികതൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ ജനശ്രീ ഭീമാ യോജന പദ്ധതിയിൽ 35,000/- ത്തോളം പേരെ ചേർത്തിട്ടുണ്ട് .

സെക്ഷൻ ഓഫീസർ